(സി) ഇവർക്കാവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളോ യാത്രാസൗകര്യമോ ഇല്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) പൊന്മുടി വിനോദ സഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനായി സംസ്ഥാന ഗവൺമെന്റ് താഴെ പറയുന്ന പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു :

(1) 116 ലക്ഷം രൂപ ചെലവിൽ ടൂറിസം വകുപ്പ് പൊന്മുടിയിൽ ടൂറിസ്റ്റ് കോംപ്ലക്സ് നിർമ്മിച്ചു. ഇതിന്റെ ഉദ്ഘാടനം ഉടൻ നടക്കുന്നതാണ്. കെ.ടി.ഡി.സി.-യെയാണ് ഇതിന്റെ നടത്തിപ്പ് ഏൽപ്പിച്ചിരിക്കുന്നത്.

(2) 2005-06 സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെന്റ് 256.08 ലക്ഷം രൂപ പൊന്മുടിയുടെ സമഗ്ര വികസനത്തിനായി അനുവദിച്ചിട്ടുണ്ട്. ഇതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) പൊന്മുടി മാത്രമായി സന്ദർശിക്കുന്നവരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(സി) ഉണ്ട്. പൊന്മുടിക്കുവേണ്ടി മുകളിൽ പറയുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് പരിഹരിക്കപ്പെടുന്നതാണ്.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പുതിയ ടൂറിസം പദ്ധതികൾ

52 [730] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം നാളിതുവരെ പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ആകെ എത്ര ടൂറിസം പദ്ധതികൾ പുതുതായി നടപ്പിലാക്കിയെന്നും ഓരോ പദ്ധതികൾക്കും വേണ്ടി എത്ര തുക ചെലവഴിക്കപ്പെട്ടെന്നും വ്യക്തമാക്കാമോ ;

(ബി) കവ്വായിക്കായൽ, വയലപ്രപ്പുരപ്പ് തുടങ്ങിയ വിനോദ സഞ്ചാര വികസന പദ്ധതികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 5 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| പദ്ധതി | ചെലവഴിച്ച തുക | |
|---|---|---|
| 1. പയ്യന്നൂർ ടൂറിസം പദ്ധതി | 12,80,000 രൂപ | |
| 2. ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ | 8,00,000 രൂപ | |
| 3. പഴയങ്ങാടി ടൂറിസ്റ്റ് ഫെസിലിറ്റി സെന്റർ പേ ആന്റ് യൂസ് ടോയ്ലറ്റ് | 9,00,000 രൂപ | |
| 4. ഗാന്ധി മൈതാന സൗന്ദര്യവൽക്കരണം | 85,00,000 രൂപ | |
| 5. കൊറ്റിയിൽ ഹൗസ്ബോട്ട് ടെർമിനൽ - ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടേയുള്ളൂ. | 96,34,578 രൂപ | അനുവദിച്ചിട്ടുള്ള |

LIBRARY ARCHIVES Kerala Legislative Assembly

(ബി) കവ്വായിക്കായലിൽ കേന്ദ്രധനസഹായത്തോടെ ഒരു ഫ്ളോട്ടിംഗ് ബോട്ട്ജെട്ടിയുടെ നിർമ്മാണം നടന്നുവരുന്നു. വയലപ്രപ്പരപ്പിൽ പുതിയ ടൂറിസം പദ്ധതികൾക്ക് രൂപം നൽകിയിട്ടില്ല.

പെരുവണ്ണാമൂഴിയിലെ ടൂറിസം വികസന പദ്ധതികൾ

53 [731] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുവണ്ണാമൂഴിയിൽ ടൂറിസം വകുപ്പ് നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോന്നിനും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി പെരുവണ്ണാമൂഴിക്ക് സമീപമുള്ള റോഡുകൾ വികസിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ ഏതൊക്കെയാണെന്നും അവയ്ക്ക് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ;

(ഇ) റോഡുകളുടെ വികസനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരുവണ്ണാമൂഴിയിൽ ഇക്കോ ടൂറിസം സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽ പെരുവണ്ണാമൂഴിയിലെ പുനരധിവാസ കേന്ദ്രത്തിന്റെ മുഖച്ഛായ മാറ്റൽ, പെരുവണ്ണാമൂഴിയിൽ ടൂറിസ്റ്റുകൾക്ക് കുളിക്കുവാനുള്ള സൗകര്യം, റിസർവ്വോയർ പ്രദേശത്തിന്റെ വികസനം, ട്രെക്കിംഗ്, VSS മെമ്പർമാരുടെ പരിശീലനം എന്നിവ ഉൾപ്പെടുന്നു.

(ബി) ഇതിനായി മൊത്തം 13,70,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പേരാമ്പ്ര-പെരുവണ്ണാമൂഴി റോഡിന്റെ നവീകരണത്തിനായി 10 ലക്ഷം രൂപയുടെ പദ്ധതി അനുവദിച്ചിട്ടുണ്ട്.

(ഇ) പണി ആരംഭിച്ചിട്ടുണ്ട്.

പീരുമേട് താലൂക്കിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

54 [732] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൽ നിന്നും ഡി.റ്റി.പി.സി. മുഖാന്തിരം പീരുമേട് താലൂക്കിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly